## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

03-02-2020 - ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.208

### ചെങ്ങന്നൂർ ഫയർ സ്റ്റേഷനും ട്രാഫിക്ക് പോലീസ് സ്റ്റേഷനും പുതിയ കെട്ടിടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സജി ചെറിയാൻ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| എ) | 2018-19 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ചെങ്ങന്നൂർ ഫയർ സ്റ്റേഷനും ട്രാഫിക്ക് പോലീസ് സ്റ്റേഷനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാരിലേക്ക് സമർപ്പിച്ച അപേക്ഷ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെയും ഡി.ജി.പി യുടെയും പരിഗണനക്ക് റഫർ ചെയ്തിരുന്നുവോയെന്ന് വ്യക്തമാക്കാമോ; | എ) | ചെയ്തിരുന്നു. |
| ബി) | കെട്ടിട നിർമ്മാണ ഉത്തരവ് അടിയന്തിരമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ബി) | ചെങ്ങന്നൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെയും ട്രാഫിക് പോലീസ് സ്റ്റേഷന്റെയും ഓഫീസുകൾ ഒരേ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനുവേണ്ടി ചെങ്ങന്നൂർ പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ പ്ലാൻ വകുപ്പ് മേധാവി അംഗീകരിച്ച് തുടർ നടപടികൾക്കായി പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടം പൊളിച്ച് നീക്കി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ